## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2425

12.03.2020-ൽ മറുപടിയ്ക്ക്.

## സംസ്ഥാനത്തെ പാലുല്പാദനം

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നിലവിൽ പാലുല്പാദനം പ്രതിവർഷം എത്ര ലിറ്റർ ആണെന്നും ആകെ ആവശ്യം എത്ര ലിറ്റർ ആണെന്നും അറിയിക്കുമോ; | (എ) നിലവിൽ സംസ്ഥാനത്തെ പാലുൽപ്പാദനം പ്രതിവർഷം 29565 ലക്ഷം ലിറ്റർ ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 6822 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിലൂടെ സംഭരിക്കുന്നു. പാലിന്റെ പ്രതിവർഷ ആവശ്യകത 31755 ലക്ഷം ലിറ്ററാണെന്ന് കണക്കാക്കപ്പെടുന്നു. |
| (ബി) പാലിന്റെ ആവശ്യകതയും ഉൽപ്പാദനവും തമ്മിലുള്ള അന്തരം നികത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) പാലിന്റെ ആവശ്യകതയുടെ 85%-ൽ അധികം നിലവിൽ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നുണ്ട്. ക്ഷീരകർഷകർക്കാവശ്യമായ കൂടുതൽ പദ്ധതികൾ നടപ്പിലാക്കിയും, പദ്ധതിയുടെ പ്രയോജനം കൂടുതൽ കർഷകരിലെത്തിച്ചും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ സാഹചര്യം സൃഷ്ടിച്ച് പാലിന്റെ ആവശ്യകത പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ